(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി11-2003/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 04952371012
തീയതി:29.02.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി 11-2003/2019 തീയതി : 29.02.2020

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 03.12.2019 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ഗീത.എം,<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11.2019 മുതൽ 04.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കരുണാകരൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എൻ.രാജീവൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിബിൻ.കെ.എസ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എ.സി.സതി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. കൃഷ്ണരാജ്.എൻ.പി | 01.04.2018 മുതൽ 22.01.2019 വരെ |

| | | |
|---|---|---|
| | ശ്രീ. പി.എം.ഗംഗാധരൻ | 23.01.2019 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. ഗിരീഷ്.ആർ.ഡി | 01.04.2018 മുതൽ 23.08.2018 വരെ |
| | ശ്രീ. അബ്ദുൾ സലീം.എം | 24.08.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. റീജ.പി.ടി | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീമതി.വിമല കെ ഓവർസീയർ(ഇൻ ചാർജ്) | 20.06.2018 മുതൽ 22.10.2018 വരെ |
| | ശ്രീ.ഹാൻസൽ.എച്ച് ഫെർണാണ്ടസ് | 23.10.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. ശിവദാസ്.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, പേരാമ്പ്ര | ഡോ. വിനോദ് കുമാർ.കെ.പി | 01.04.2018 മുതൽ 14.05.2018 വരെ |
| | ഡോ. ഷാമിൻ.പി.ആർ | 15.05.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി. പുഷ്പ.എ | 01.04.2018 മുതൽ 27.02.2019 വരെ |
| | ശ്രീമതി. സുനിത ജോസഫ് | 28.02.2019 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. സുനിൽകുമാർ.സി | 01.04.2018 മുതൽ 05.09.2018 വരെ |
| | ഡോ. പ്രീത.ഇ.കെ | 06.09.2018 മുതൽ 13.11.2018 വരെ |
| | ഡോ. സുരേഷ്.ടി.ഓർണാടി | 14.11.2018 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. ദീപ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ഷിബിൻ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. മുഹമ്മദ് ഷൈജു.എസ് | 01.04.2018 മുതൽ 13.02.2019 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ. സലീഷ്.എസ് | 14.02.2019 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. അനീഷ്.വി.നായർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബഡ്ജറ്റ് രൂപീകണം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-12 |
| 13 | ആസൂത്രണത്തിലെ പിഴവുകൾ കാരണം പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്നു | 1-13 |
| 14 | നടപടിക്രമങ്ങൾ പാലിക്കാതെ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നു | 1-14 |
| 15 | വിവിധ പ്രവർത്തികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല | 1-15 |
| 16 | സുരഭി ഡയറി യൂണിറ്റ്- വരുമാനം സംബന്ധിച്ച രേഖകൾ ഹാജരാക്കാതെ സർക്കാർ ജീവനക്കാരും/പെൻഷൻകാരും ഉൾപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യം നൽകി | 1-16 |
| 17 | മൃഗസംരക്ഷണ മെഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം കൈമാറി | 1-17 |
| 18 | മാത്തിൽമുക്ക് ക്ഷീര സഹകരണ സംഘത്തിന് കെട്ടിട നിർമ്മാണം - അപാകതകൾ | 1-18 |
| 19 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 1-19 |

| | | |
|---|---|---|
| | കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല | |
| 20 | കാൻസർ ഡിറ്റക്ഷൻ ക്യാമ്പ് - ബുക്ക് ലെറ്റ് അച്ചടി നടപടിക്രമങ്ങൾ പാലിച്ചില്ല | 1-20 |
| 21 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി-മേഖലാ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവവും | 1-21 |
| 22 | അങ്കണവാടി പഠനസാഹചര്യം ശക്തിപ്പെടുത്തൽ-ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പെടാത്ത പ്രൊജക്റ്റ് നടപ്പിലാക്കി | 1-22 |
| 23 | സമൃദ്ധി-പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഉത്പാദക സംഭരണ വിപണന കമ്പനി - നാളിതുവരെ പ്രവർത്തനമാരംഭിച്ചില്ല | 1-23 |
| 24 | പട്ടികജാതി വികസന ഓഫീസർ മുഖേന പ്രൊജക്റ്റുകൾ നടപ്പിലാക്കാത്തതും മറ്റ് അപാകതകളും | 1-24 |
| 25 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-25 |
| 26 | താലൂക്ക് ആശുപത്രി മാനേജിംഗ് കമ്മറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-26 |
| 27 | ബ്ലോക്ക് പഞ്ചായത്തിലെ പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി നടത്തിപ്പ് | 1-27 |
| | **ഭാഗം 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 28 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 29 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 36 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 ലെ 111/17-18 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 07.02.2019 ലെ 97(1)/18-19 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 84114219 |
| വരവ് | 94581991 |
| ആകെ | 178696210 |
| ചെലവ് | 152268069 |
| നീക്കിയിരിപ്പ് | 26428141 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 4,40,49,000 | 4,40,49,000 | 3,91,25,472 | 49,23,528 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | - | 1,53,72,000 | 1,53,72,000 | 1,13,21,296 | 40,50,704 |
| വികസന ഫണ്ട്- | - | 6,54,000 | 6,54,000 | 5,59,699 | 94,801 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി(ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 50,41,000 | 50,41,000 | 42,74,962 | 7,66,038 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | - | - | - | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 32,239 | 4,39,749 | 4,71,988 | 4,64,032 | 7,956 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 3,62,449 | 94,315 | 4,56,764 | 51,082 | 4,05,682 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 11,13,177 | 94,77,009 | 1,05,90,186 | 82,68,161 | 23,22,025 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 87 | 9,04,82,542 | 53 | 6,14,23,205 | - | 34 | 60.91% |

# 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

# 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവ് നം.10/19 തീ-26.10.2019 പ്രകാരം വിഭജിച്ച നൽകിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ സ്റ്റാഫ് യോഗം ചേർന്ന് കാര്യാലയത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല. 21.02.2018 ന് ശേഷം 11.05.2019ന് മാത്രമാണ് സ്റ്റാഫ് യോഗം ചേർന്നത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് പ്രൊജക്റ്റുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് ഒപ്പു വെച്ച് അധികൃതമാക്കുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.02.2019 | 9/2018 മുതൽ 12/2018 വരെ | 18/DPAW/1/2019/ KKD/2018 തീയതി 08.03.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2010 | 2008-09 മുതൽ 2009-10 വരെ | A(HO)III/III/12-4510/ 11/122 തീയതി 05.06.2010 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 പ്രകാരം വാർഷിക കണക്ക് പരിശോധിച്ചതിൽ, ചുവടെപ്പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ (ഷെഡ്യൂൾ ബി3) എന്നതിന്റെയും ഫിക്സഡ് അസറ്റിന്റെയും (ഷെഡ്യൂൾ ബി 11) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെയും(ഷെഡ്യൂൾ ബി 11(a)) ആകെ തുകയാണ്. എന്നാൽ വാർഷിക കണക്ക് പരിശോധിച്ചതിൽ ഇവ തമ്മിൽ 4,12,66,658/- രൂപയുടെ വ്യത്യാസം കാണുന്നു (87251535 – 45984877) മെയിന്റൻസ് ഫണ്ട്/തനത് ഫണ്ട് ഇനത്തിലെ തുകകൾ ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി ഉപയോഗിച്ചതാണ് ഈ വ്യത്യാസത്തിന് കാരണം.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിലെ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ പൂർണമല്ല. സ്റ്റേഷനറി ഇനങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ മൊത്തം സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വിവിധ ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച് തുകകളുടെ ആധികാരികത തെളിയിക്കുന്ന രേഖകളൊന്നും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

5. ചെലവഴിക്കാൻ അവേശേഷിക്കുന്ന ഗ്രാന്റ് തുകകൾ, സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ എന്നിവയിൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം 53759526/- രൂപ ചെലവഴിക്കാതെ സാമ്പത്തിക വർഷാവസാനം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ ട്രഷറി, ബാങ്ക് എക്കൗണ്ടുകളിലായി സാമ്പത്തിക വർഷം 26428141/- രൂപ മാത്രമേ തനത് ഫണ്ട് ഉൾപ്പെടെ നീക്കിയിരിപ്പായി അവശേഷിക്കുന്നുള്ളു (RP 40 b കാണുക).

# 1-12 ബഡ്ജറ്റ് രൂപീകണം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

28.03.2018ലെ ഭരണ സമിതി തീരുമാനം നമ്പർ 111/17-18 പ്രകാരമാണ് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുള്ളത്. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാനുവൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.
2. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.
3. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചല്ല 2018-19 വർഷത്തെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 19/03/2018 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് ബജറ്റ് അംഗീകരിച്ചു. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി Monthly Progress Report, Annual Review Progress Report എന്നിവ തയ്യാറാക്കിയിട്ടില്ല.

ബജറ്റ് രൂപീകരണ പ്രക്രീയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാനുവലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

# 1-13 ആസൂത്രണത്തിലെ പിഴവുകൾ - പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്നു

ഓഡിറ്റ് വർഷം പൊതുമരാമത്ത് മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കാനുദ്ദേശിച്ച പദ്ധതികൾ ആസൂത്രണത്തിലെ പിഴവുകൾ കാരണവും ശരിയായ മുന്നൊരുക്കമില്ലാത്തതിനാലും പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) <u>സൂപ്പർ എം.ആർ.എഫ് സെന്റർ നിർമ്മാണം</u>

അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് വേർതിരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് കയറ്റിയയയ്ക്കുന്നതിന് ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ കെട്ടിടം പണിയുന്നതിനാണ് ഉദ്ദേശിച്ചത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 87/19 |
| അടങ്കൽ | 2700000/- രൂപ |
| ഫണ്ട് | വികസനം |
| ചെലവ് | 20421/- രൂപ |
| ബിൽ നം./ തീയതി | 6/18-19/27.03.19 |

പദ്ധതി നിർവ്വഹത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഈ പദ്ധതി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചതായി കാണുന്നില്ല.
2. നിർമ്മാണം നടത്തുന്നതിനുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. നാട്ടുകാരുടെ എതിർപ്പ് കാരണമാണ് പദ്ധതി ഉപേക്ഷിച്ചതെന്ന് എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ നിവേദനമോ, പരാതികളോ ഫയലിൽ നിന്ന് ലഭിച്ചിട്ടില്ല.
4. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പദ്ധതി സംബന്ധിച്ച് ചർച്ചകൾ നടന്നതായി കാണുന്നില്ല.

കരാറുകാരൻ നിലം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമിക പ്രവൃത്തിക്ക് നൽകിയ തുക മാത്രമാണ് പദ്ധതിക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ളത്. തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

B) <u>നടുപ്പറമ്പിൽ കുടിവെള്ള പദ്ധതി</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 17/ 19 |
| അടങ്കൽ | 1400000/- രൂപ |
| | |

| | |
|---|---|
| ഫണ്ട് | വികസനം (s.c.p) |
| ചെലവ് | 226887/- രൂപ |
| ബിൽ നം. തി. | 21/22.6,19 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി നിർദ്ദേശം ഉണ്ടായിട്ടില്ല.
2. നിർമ്മാണം നടത്തുന്നതിനുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതിനുള്ള രേഖകൾ ഫയലിൽ ഇല്ല.
3. തന്റെ കൈവശമുള്ള സ്ഥലത്താണ് പ്രവൃത്തി ആരംഭിച്ചതെന്ന് കാണിച്ച് ശ്രീമതി. ഓമന അമ്മ കിഴക്കേക്കര എന്നവർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകുകയും തുടർന്ന് WP(c)4458/19/ 12.02.2019 പ്രകാരം ഹൈക്കോടതിയിൽ കേസ് ഫയൽചെയ്യുകയും ചെയ്തതിനാൽ പ്രവൃത്തി നിർത്തിവെച്ചു.
4. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ച നടന്നതായി കാണുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിങ്ങനെ വിവിധ തലങ്ങളിൽ പരിശോധനകളും, വിലയിരുത്തലുകളും, സാധ്യതാപഠനങ്ങളും നടത്തിയതിന് ശേഷമാണ് പദ്ധതി നിർവ്വഹണത്തിലേക്ക് കടക്കേണ്ടത്. എന്നാൽ മേൽ പദ്ധതികളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കാത്തതാണ് പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്നതിന് കാരണമായത്. ഇതിലൂടെ ബ്ലോക്ക് പഞ്ചായത്തിന് വലിയ നഷ്ടം സംഭവിക്കുന്ന അവസ്ഥയാണുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/18-19/3.12.19) മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 നടപടിക്രമങ്ങൾ പാലിക്കാതെ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നു

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് നിരവധി കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് നാലാം പട്ടികയിൽ(172 ാം വകുപ്പ് (1) ാം ഉപവകുപ്പ്) ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ ചുമതലകൾ വിശദീകരിച്ചിട്ടുണ്ട്. ഇതിൽ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നത് സംബന്ധിച്ച് പരാമർശിക്കുന്നില്ല. കുടിവെള്ള പദ്ധതികൾ നിർവ്വഹണം നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാ ചുമതലയിൽപ്പെട്ടതാണ്. സ.ഉ.(കൈ)നം.11/2018/തസ്വഭവ/തി. 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7(ബി) 8 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാമെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കുടിവെള്ള പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | പിലാച്ചേരി കുടിവെള്ള പദ്ധതി | 16/19 | 902476 | 380982 |

| | | | | |
|---|---|---|---|---|
| 2 | തറവട്ടത്ത് എസ്.ടി കോളനി കുടിവെള്ള പദ്ധതി | 47/19 | 554000 | 538699 |
| 3 | ഈങ്ങോറച്ചാൽ കുടിവെള്ള പദ്ധതി | 79/19 | 786015 | 764888 |
| 4 | കുണ്ടുതറ അംബേദ്കർകോളനി കുടിവെള്ള പദ്ധതി | 80/19 | 484183 | 479172 |
| 5 | നടുപ്പറമ്പിൽകുടിവെള്ള പദ്ധതി | 17/19 | 1400000 | 226887 |

മേൽ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തുകൾ പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം നടത്തണമെന്ന് രേഖാമൂലം ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. പ്രവൃത്തി നടത്തിയിരിക്കുന്ന സ്ഥലം രേഖാമൂലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ല.
3. കുടിവെള്ള പദ്ധതികൾ കരാർവെച്ച് ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകകൾക്ക് വിശദീകരണം ആവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/18-19/3.12.19) മറുപടി നൽകിയിട്ടില്ല. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യത്തിൽ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-15 വിവിധ പ്രവർത്തികൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം തുക പിൻവലിച്ച് വ്യത്യസ്ഥ സ്ഥാപനങ്ങൽക്ക് കൈമായിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗ വിവരം നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/ പേര് | കൈമാറിയ തുക | തുക കൈപറ്റിയ സ്ഥാപനം | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 50/19 പേരാമ്പ്ര മത്സ്യമാർക്കറ്റിന് വിഹിതം നൽകൽ | 27,00,000 | സെക്രട്ടറി പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | 7/18-19/27.6.18 |
| 51/19 കായണ്ണബസാർ ലക്ഷം വീട് റോഡ് | 10,00,000 | എക്സിക്യൂട്ടീവ് എഞ്ചീനീയർ. കുറ്റ്യാടി ഇറിഗേഷൻ സെക്ഷൻ പേരാമ്പ്ര | 34/18-19/13.3.19 |
| 54/19 | 5,00,000 | എക്സിക്യൂട്ടീവ് | 37/18-19/13.3.19 |

| | | | |
|---|---|---|---|
| കോടേരിച്ചാൽ ആശാരിമുക്ക് റോഡ് | | എഞ്ചിനീയർ. കുറ്റ്യാടി ഇറിഗേഷൻ സെക്ഷൻ പേരാമ്പ്ര | |
| 43/19<br>പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ അക്ഷയോർജ ഉത്പാദക യൂണിറ്റ് | 27,50,000 | സെക്രട്ടറി<br>K.S.E.B.L<br>തിരുവനന്തപുരം | 33 /18-19/15.3.19-750000/- രൂപ<br>ശേഷിക്കുന്ന 20 ലക്ഷം രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും അടവാക്കി |
| | 60,50,000 | | |

ആയതിൽ ക്രമ നമ്പർ 1 പേരാമ്പ്ര ഗ്രാമപഞ്ചായത്തുമായുള്ള സംയുക്ത പ്രോജക്ടും ശേഷിക്കുന്നവ ഡെപ്പോസിറ്റ് പ്രവർത്തികളുമാണ്. മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 60,50,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-16 സുരഭി ഡയറി യൂണിറ്റ്- വരുമാനം സംബന്ധിച്ച രേഖകൾ ഹാജരാക്കാതെ സർക്കാർ ജീവനക്കാരും/പെൻഷൻകാരും ഉൾപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യം നൽകി

പ്രൊജക്ട് നമ്പർ – 106/19

വകയിരുത്തിയ തുക – 2750000/- രൂപ (വികസന ഫണ്ട്)

ചെലവ് തുക – 2695000/- രൂപ (ബിൽ നമ്പർ 15/18-19 തി18.3.19- 495000

18/18-19/23.3.19 – 495000/- രൂപ

17/18.19/18.3.19 – 385000/- രൂപ

21/18-19/28.3.19 – 330000/- രൂപ

16/18-19/19.3.19 – 330000/- രൂപ

10/18-19/18-3-19 – 495000/- രൂപ

20/18-19/25.3.19 – 165000/- രൂപ

സംസ്ഥാന കോർഡിനേഷൻ കമ്മറ്റിയുടെ 5/9/18ലെ 10/18 SRG/L.S.G.D.(6) പ്രകാരമുള്ള അനുമതി അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ക്ഷീര കർഷകർക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും പശുവിനെ വാങ്ങുന്നതിന് ധനസഹായം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ മൊത്തം 98 പേർക്ക് ആനുകൂല്യം

നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ആനുകൂല്യം അനുവദിച്ച ചില കുടുംബങ്ങളിലെ അംഗങ്ങൾ സർക്കാർ ജീവനക്കാർ/ പെൻഷണർമാർ/ വിമുക്ത ഭടൻമാർ എന്നിവർ ഉൾപെട്ടതായി കാണുന്നു. സ.ഉ.നമ്പർ 22/1018 ത.സ്വ.ഭ.വ.തീയതി 14.2.18 ഖണ്ഡിക 2.12.2 പ്രകാരം മൃഗസംരക്ഷണ മേഖലയിലെ ആനുകൂല്യങ്ങൾക്ക് 500000/- രൂപയാണ് വരുമാന പരിധി. എന്നാൽ വരുമാനം സംബന്ധിച്ച രേഖകൾ ലഭ്യമാക്കാതെയാണ് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.

| ഗുണഭോക്താവിന്റെ പേര് | റേഷൻ കാർഡ് നമ്പർ | റിമാർക്സ് |
|---|---|---|
| ത്രേസ്യാമ്മ , മലയാട്ടിൽ മേഞ്ഞാണ്യം, പേരാമ്പ്ര | 2160057372 | റേഷൻകാർഡിൽ ഉൾപെട്ട മകൻ സബാസ്റ്റ്യൻ സർക്കാർ ജീവനക്കാരൻ |
| ശോഭന, കുഴിച്ചാലിൽ, എരവട്ടൂർ | 2160055725 | റേഷൻകാർഡിൽ ഉൾപെട്ട മകൻ രാജേഷ് സർക്കാർ ജീവനക്കാരൻ |
| രുഗ്മിണി.എം നാരോക്കുന്നുമ്മൽ, പേരാമ്പ്ര | 2160143191 | റേഷൻ കാർഡ് പ്രകാരം ഭർത്താവ് രാമകൃഷ്ണൻ അധ്യാപകൻ |
| ലീല, തെക്കെ മൊടോങ്ങൽ | 2160056362 | റേഷൻ കാർഡ് പ്രകാരംമകൻ രജീഷ് കേന്ദ്ര സർക്കാർ ജീവനക്കാരൻ |
| രാധ കല്ലുകുടി തറമ്മൽ | 2160161134 | റേഷൻ കാർഡ് പ്രകാരംമകൻ ജിതിൻ അർദ്ധ സൈനിക ജീവനക്കാരൻ |
| ശാന്ത. പുഴനടക്കൽ, കായണ്ണ ബസാർ | 2160059050 | റേഷൻ കാർഡ് പ്രകാരം സർവീസ് പെൻഷണർ. |
| റീജ പത്മാലയം ചന്ദനത്തിൽ മാട്ടനോട് | 2160158708 | റേഷൻ കാർഡ് പ്രകാരം ഭർത്താവ് ബാലൻ വിമുക്ത ഭടൻ |
| പത്മാവതി, നീലികുന്നുമ്മൽ, കായണ്ണ. | 216009295 | റേഷൻ കാർഡ് പ്രകാരം ഭർത്താവ് കേളപ്പൻ സർവീസ് പെൻഷണർ. |
| സുധ ചെറിയരയരോത്ത് നൊച്ചാട് | 2160056455 | റേഷൻകാർഡ് പ്രകാരം 3/2017 ലെ പ്രതിമാസ വരുമാനം 40000 രൂപ. റേഷൻകാർഡ് അംഗങ്ങളെ സംബന്ധിച്ച വിവരം ലഭ്യമല്ല. |

അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

**2. പ്രൊജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ-**

1. പ്രൊജക്ട്പ്രകാരം മുഴുവൻ ഗുണഭോക്താക്കളും 55000/- രൂപ വിലയുള്ള പശുവിന് സബ്സിഡി ഇനത്തിൽ 27500/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും മുഴുവൻ പശുക്കളെയും 50000/- രൂപയ്ക്കാണ് ഇൻഷൂർ ചെയ്തിരിക്കുന്നത്.

2. അന്യസംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങിക്കുന്നതിന് തെളിവായി അവിടുത്തെ വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കാൻ പ്രൊജക്ട് നിഷ്കർച്ചിട്ടുണ്ടെങ്കിലും അത്തരമൊരു സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, മറ്റ് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, നിർവഹണ ഉദ്യോഗസ്ഥൻ, വെറ്ററിനറി ഡോക്ടർ, D.F.I, സംഘം പ്രതിനിധികൾ, ഗുണഭോക്തൃ പ്രതിനിധികൾ എന്നവരടങ്ങുന്ന പർച്ചേഴ്സിംഗ് കമ്മറ്റി രൂപീകരിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരമൊരു കമ്മറ്റി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് മോണിട്ടറിംഗിന് വിധേയമാക്കേണ്ട മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പോ, മേൽനോട്ടച്ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയും മേൽ ഗുണഭോക്താക്കളിൽനിന്നും വരുമാനം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയും അപാകതകൾ പരിഹരിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ മേൽ ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ച തുക 247500/- രൂപ (27500x9) തടസ്സത്തിൽ വെക്കുന്നു.

# 1-17 മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം കൈമാറി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വെറ്ററിനറി പോളി ക്ലിനിക് മുഖേന വെറ്ററിനറി സർജൻ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.

| പ്രൊജക്ട് നമ്പർ/ പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/ പേര് |
|---|---|---|
| 29/19 ആട് പ്രജനന യൂണിറ്റ് | 100000 | 3/18-19 തി28.3.19 |
| 28/19 വനിതകൾക്ക് ബ്രോയിലർ കോഴി ഫാം യൂണിറ്റ് | 150000 | 2/18-19 തി 28.3.18 |
| ആകെ | 250000 | |

വനിത ഗ്രൂപ്പുകൾക്ക് ആട് പ്രജനന യൂണിറ്റ് എന്ന പ്രോജക്ടിലൂടെ മൂന്ന് ഗ്രൂപ്പുകൾക്ക് 1,00,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്തിരുന്നുവെങ്കിലും കുത്താളി ഗ്രാമപഞ്ചായത്തിൽ 8ാം വാർഡിൽ ഒരു ഗോട്ടറി യൂണിറ്റ് സ്ഥാപിക്കുന്നതിന് 3,12,000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്ന, സൊസൈറ്റി പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ അപേക്ഷ പ്രകാരം 1,00,000/- രൂപ പിൻവലിച്ച് ഹാരാ ഗോട്ട് ഫാമേഴ്സ് വെൽഫയർ സൊസൈറ്റിയുടെ കേരള ഗ്രാമീണ ബാങ്കിലുള്ള

എകൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നൽകിയ ഗുണഭോക്തൃലിസ്റ്റ് പരിശോധക്ക് ഹാജരാക്കിയിട്ടില്ല.
2. സ.ഉ നം. 22/18 ത.സ്വ.ഭ.വ തി 14.2.18 ഖണ്ഡിക 6.2.23 പ്രകാരം ആനുകൂല്യം ലഭ്യമാകുന്ന ഗ്രൂപ്പിൽ നിന്നും 3 പേരടങ്ങുന്ന ടീമിനെ നാമനിർദ്ദേശം ചെയ്ത് തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻ ചെയർമാനും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറുമായുള്ള സമിതി രൂപീകരിച്ച് വേണം ആടിനെ വാങ്ങേണ്ടത്. എന്നാൽ സമിതി രൂപീകരിച്ചതിന്റെയോ, ആടിനെ വാങ്ങിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. ഗ്രൂപ്പുകൾക്ക് ആട്ടു വളർത്തലിൽ പരിശീലനം നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരമൊരു പരിശീലനം ലഭ്യമാക്കിയതായി കാണുന്നില്ല
4. ആടുകളെ സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്നവർക്ക് മുൻഗണന നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആടുകളെ എവിടെ നിന്നും വാങ്ങി എന്ന് വ്യക്തമല്ല.
5. യൂണിറ്റ് സ്ഥാപിക്കുന്നതിന് ചെലവു വന്ന 3,12,000/- രൂപയുടെ വിശദ വിവരം ലഭ്യമാക്കിട്ടില്ല.

പ്രൊജക്ട് നമ്പർ 28/19 വനിതകൾക്ക് ബ്രോയിലർ കോഴി ഫാം യൂണിറ്റ് ആരംഭിക്കുന്നതിന് 2 ഗ്രൂപ്പുകൾക്ക് 1,50,000/- രൂപ വീതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ മലബാർ പൗൾട്രി ഫാം യൂണിറ്റിന് തങ്ങൾക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് 4,20,000/- രൂപ ചെലവു വന്നിട്ടുണ്ടെന്ന് കാണിച്ചുള്ള പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1,50,000/-രൂപ ഗുണഭോക്താക്കളുടെ പേരിലുള്ള ഫെഡറൽ ബാങ്ക് എകൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ കാണുന്നു.

1. സ.ഉ.എം.എസ് നമ്പർ 22/2018/ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ, പ്രവാസി ഗ്രൂപ്പുകൾ, വനിത/പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾ എന്നിവക്കാണ് ഇത്തരം ആനുകൂല്യങ്ങൾക്ക് അർഹത. എന്നാൽ വനിതകളുടെ സഹകരണ സംഘത്തിന് പകരം 5 പേരടങ്ങുന്ന ഗ്രൂപ്പിനാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.
2. ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭ്യമാക്കിയതിന്റെയോ, മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. കോഴികളെ വാങ്ങിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
4. യൂണിറ്റ് തുടങ്ങാൻ ആകെ ചെലവു വന്നതായി പറയുന്ന 4,20,000/- രൂപയുടെ വിശദ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/18-19/ 03.12.19, 5/18-19/ 03.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം വിതരണം ചെയ്തത് സംബന്ധിച്ച് മോണിട്ടറിംഗ് ചുമതലയുള്ള മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിലോ, മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ച ചെയ്തിട്ടില്ല. മേൽ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-18 മഠത്തിൽമുക്ക് ക്ഷീര സഹകരണ സംഘത്തിന് കെട്ടിട നിർമ്മാണം - ചുമതലയിൽപ്പെടാത്ത പദ്ധതിയിക്ക് തുക ചെലവഴിച്ചു

അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മഠത്തിൽ മുക്കിൽ ക്ഷീര സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിച്ച് കൊടുക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് നം. 46/2015-16 പ്രകാരം പദ്ധതി നിർവ്വഹണം ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവർ ആയി തുടർന്ന പദ്ധതി 2018-19 വർഷത്തിലാണ് പൂർത്തിയാക്കിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എ.ഇ.ഇ |
| പ്രോജക്ട് നം. | 94/ 19 |
| അടങ്കൽ | 1307020/- രൂപ |
| എ.എസ്. | 55/2015-16/7.8.2015 |
| ടി.എസ്. | എ.ഇ.ഇ./പി.ബി.21/2015-16/31.8.15 |
| കരാറുകാരൻ | മഹേശ്വര കൺസ്ട്രക്ഷൻസ്, പേരാമ്പ്ര |
| കരാർ വെച്ച തിയ്യതി | 31.8.2015 |
| ഫണ്ട് | വികസനം<br>(സ്വരാജ് ട്രോഫി സമ്മാന തുക) |
| ചെലവ് | 1307020/- രൂപ |
| ബിൽ നം. തി. | 02/18-19/31.10.18 |

കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ (വകുപ്പ് 172 ഉപവകുപ്പ് (1) കാണുക) ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളെപ്പറ്റി പ്രദിപാദിച്ചിട്ടുണ്ട്. പൊതുമരാമത്ത് മേഖലയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ് ചുമതലകൾ. സഹകരണ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ വളർത്തുകയും, ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ചുമതല. എന്നാൽ ഇതിൽ നിന്ന് വ്യതിചലിച്ച് ക്ഷീര സഹകരണ സംഘത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്വന്തമായി കെട്ടിടം നിർമ്മിച്ച് തരണമെന്ന് ആവശ്യപ്പെട്ട് ക്ഷീരസംഘം ബ്ലോക്ക് പഞ്ചായത്തിന് അപേക്ഷ നൽകിയതായി ഫയലിൽ കാണുന്നില്ല.

2. ക്ഷീര സഹകരണ സംഘം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതിനുള്ള രേഖകൾ ഫയലിൽ ഇല്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്ഷീര സഹകരണ സംഘവുമായി ബ്ലോക്ക് പഞ്ചായത്ത് ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

3. കെട്ടിടം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

4. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ഈ പദ്ധതി നിർദ്ദേശം വന്നതായി കാണുന്നില്ല.

5. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പദ്ധതി സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നതായി കാണുന്നില്ല.

6. പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ, പദ്ധതിപൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/18-19/3.12.19) മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവ് തുക 1307020/- രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല

പ്രൊജക്ട് നമ്പർ – - 35/18-19

വകയിരുത്തിയ തുക - 7,50,000/- രൂപ

ചെലവുതുക - 7,50,000/- (ബിൽ നമ്പർ 1/18-19 തി.28-6-18)

C.D.P.O നിർവഹണ ഉദ്യോഗസ്ഥനായി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ 7,50,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ നിന്നും കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായതായി കാണുന്നില്ല.

| ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| ചക്കിട്ടപാറ | 100000 |
| ചങ്ങരോത്ത് | 125000 |
| നൊച്ചാട് | 125000 |
| ചെറുവണ്ണൂർ | 100000 |
| ആകെ | 450000 |

ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 4,50,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ആയത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-20 കാൻസർ ഡിറ്റക്ഷൻ ക്യാമ്പ് - ബുക്ക് ലെറ്റ് അച്ചടി - നടപടിക്രമങ്ങൾ പാലിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിൽ കാൻസർ രോഗനിർണ്ണയം നടത്തുന്നതിന് ക്യാമ്പുകൾ നടത്തുന്നതിന്റെ ഭാഗമായി ബുക്ക് ലെറ്റ് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 75000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി 28.07.2018 ന് ക്വട്ടേഷൻ ക്ഷണിച്ചു. വിജയ ഓഫ് സെറ്റ് പേരാമ്പ്ര, ഗ്ലോബൽ പ്രിന്റേഴ്സ് പേരാമ്പ്ര, കണ്ണൻസ് ഓഫ് സെറ്റ് നന്മണ്ട എന്നീ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കണ്ണൻസ് ഓഫ് സെറ്റ് നന്മണ്ട എന്ന സ്ഥാപനത്തിന് പ്രവൃത്തി നൽകി. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നം. | 23/ 19 |
| അടങ്കൽ | 1,98,500/- രൂപ |
| ഫണ്ട് | വികസനം |
| ചെലവ് | 1,98,500/- രൂപ |
| ബിൽ നം. തി. | 07/18-19/25.09.18 |

ജി.ഒ (പി) 259/2010/എൽ.എസ്.ജി.ഡി പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്പ്രകാരം 50,000/- രൂപയ്ക്കും 1,00,000/- രൂപയ്ക്കും ഇടയിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെന്റഡറാണ് ബാധകം. 8 മുതൽ 10 വരെയുള്ള സേവന ദാതാക്കളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ച് അതിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നൽകേണ്ടത്. കൂടുതൽ മൽസരം ഉറപ്പുവരുത്തി കുറഞ്ഞ തുകയ്ക്ക് സേവനം ലഭിക്കുന്നതിനാണ് ഈ രീതി അവലംബിക്കുന്നത്. എന്നാൽ ലിമിറ്റഡ് ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഈ പദ്ധതിയിൽ ബുക്ക് ലെറ്റുകൾ അച്ചടിച്ചിരിക്കുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/18-19/3.12.19 ക്ക് മറുപടി നൽകിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി- മേഖലാ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയും വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവവും

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടാണ് നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി (പ്രൊജക്ട് നമ്പർ 3/19). ബിൽ നമ്പർ 1/18-19 തീയതി 21-07-2018 പ്രകാരം വികസന ഫണ്ടിൽ നിന്നും 15,00,000/- രൂപ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചയാത്തുകൾക്ക് നെൽകൃഷി ചെയ്ത കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്ത് | കൈമാറിയ തുക (രൂപ) |
|---|---:|
| പേരാമ്പ്ര | 5,00,000 |
| കായണ്ണ | 1,25,000 |
| ചങ്ങരോത്ത് | 1,25,000 |
| കൂത്താളി | 1,50,000 |
| നൊച്ചാട് | 1,00,000 |
| ചെറുവണ്ണൂർ | 5,00,000 |
| ആകെ | 15,00,000 |

തുക കൈമാറിയതല്ലാതെ പഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥനോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ കൈക്കൊണ്ടതായി കാണുന്നില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് 172(1) ഉപവകുപ്പ് 4ാം പട്ടിക പ്രകാരം പ്രതിപാദിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റാൻ പര്യാപ്തമായ പ്രോജക്ടുകളല്ല സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ളത്. കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ആയതിന്റെ യുക്തി, ക്ഷമത, പ്രായോഗികത എന്നിവ വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്ത് ഉറപ്പുവരുത്തി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 15,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 അങ്കണവാടി പഠന സാഹചര്യം ശക്തിപ്പെടുത്തൽ - ബ്ലോക്ക് പഞ്ചായത്തിന്റെ

# മേഖലാ ചുമതലയിൽ പെടാത്ത പ്രൊജക്ട് നടപ്പിലാക്കി

വകയിരുത്തിയ തുക – 4,75,000/-രൂപ

ചെലവുതുക – 475000/-രൂപ (ബിൽ നമ്പർ 2/18-19/29-10-19)

മേൽ പ്രൊജക്ട് സി.ഡി.പി.ഒ. നിർവഹണ ഉദ്യോഗസ്ഥയായി ടെണ്ടർ നടപടികളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 171 അങ്കണവാടികളിലേക്ക് മ്യൂസിക് സിസ്റ്റം, ബാസ്കറ്റ് ബാൾ, റേക്ക് എന്നിവ അലി സ്റ്റോർ വടകര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിൽ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. പഞ്ചായത്ത് രാജ് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല I.C.D.S. നാണ്. സ.ഉ.എം എസ് 11/18/ത.സ്വ.ഭ.വ തീയതി 29.1.18 ഖണ്ഡിക 7(8) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നില്ല. പഞ്ചായത്ത് രാജ് ആക്ട് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, പദ്ധതി മാർഗനിർദ്ദേശങ്ങൾ എന്നിവയിൽ ഉൾപ്പെടാത്ത പ്രൊജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/18-19/3.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ആക്ട്, സർക്കാർ മാർഗ നിർദ്ദേശങ്ങൾ എന്നിവയിൽ നിഷ്കർഷിച്ച പ്രകാരമുള്ള പ്രോജക്ടുകൾ മാത്രം ഏറ്റെടുത്ത് നടപ്പിലാക്കി, തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-23 സമൃദ്ധി-പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഉത്പാദക സംഭരണ വിപണന കമ്പനി. പ്രവർത്തനമാരംഭിച്ചില്ല

പ്രൊജക്ട് നമ്പർ - 89/2019

വകയിരുത്തിയ തുക – 65,000/-രൂപ(തനത് ഫണ്ട്)

ചെലവ് തുക – 64,125/- രൂപ

ബ്ലോക്ക് പഞ്ചായത്ത് മുഖേന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾക്ക് പ്രാമുഖ്യം നൽകി നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്നതിനും, പ്രാദേശിക തലത്തിൽ കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും 1,000/- രൂപ മുഖവിലയുള്ള 1000 ഓഹരി ഉടമകളിൽ നിന്നും സമാഹരിച്ച 1കോടി രൂപയുടെ മുലധന നിക്ഷേപമുള്ള കമ്പനി രൂപീകരണം ലക്ഷ്യമിട്ട് 2017-18 സാമ്പത്തിക വർഷത്തിൽ ആയതിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള പ്രരംഭ പ്രവർത്തനങ്ങൾക്ക് 65,000/- രൂപ തനത് ഫണ്ടിൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും, പദ്ധതി 2017-18 ൽ പൂർത്തീകരിക്കാത്തതിനാൽ 2018-19 വർഷത്തിൽ സ്പിൽ ഓവറായി അംഗീകാരം വാങ്ങുകയും ചെയ്തു. സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് 64,125/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കമ്പനി പ്രവർത്തന ക്ഷമമായിട്ടില്ല. ഉത്പാദക സംഭരണ വിപണന കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം. 6/18-19/03.12.19) മറുപടി ലഭ്യമാക്കിയില്ല. കമ്പനി രൂപീകരണത്തിന്റെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# 1-24 പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടില്ല

സാമ്പത്തിക വർഷത്തെ ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവു രേഖകൾ പരിശോധിച്ചതിൽ നിർവഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശ പ്രകാരമുള്ള പ്രോജക്ടുകളൊന്നും നടപ്പിലാക്കിയതായി കാണുന്നില്ല. വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ വിവിധ പ്രൊജക്ടുകളിലായി 1,66,70,807/- രൂപ വകയിരുത്തിയതിൽ 1,13,21,296/- രൂപ തൻവർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പുതിയതും, സ്പിൽ ഓവറുമായ 11 കുടിവെള്ള പദ്ധതികൾക്കാണ് സാമ്പത്തിക വർഷം തുക വകയിരുത്തിയത്. ആയതിൽ 5 കുടിവെള്ള പദ്ധതികൾക്കേ തുക ചെലവഴിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന ഫണ്ട് വനിതാ വർക്ക് ഷെഡ് നിർമ്മാണം, റോഡ് പ്രവൃത്തികൾ, ഭവന നിർമ്മാണം എന്നിവക്കാണ് വകയിരുത്തിയിരിക്കുന്നത്. പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 9.2.18, 27.2.18 തീയതികളിൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പട്ടികജാതി വികസന ഓഫീസർ മുഖേന നടപ്പിലാക്കേണ്ട പ്രൊജക്ടു നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ.- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, പട്ടികജാതി യുവതീ യുവാക്കൾക്ക് വാദ്യോപകരണം, മുതലായവ. ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കിയില്ലെന്ന് മാത്രമല്ല വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് നിർദ്ദേശമായി ഉയർന്നുവന്ന 18 നിർദ്ദേശങ്ങളിൽ നടുപ്പറമ്പിൽ കോളനി കുടിവെള്ള പദ്ധതി മാത്രമെ പ്രോജക്ടായി അംഗീകാരം ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന പ്രൊജക്ടുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്തവയാണ്. ഇത്തരത്തിൽ പ്രൊജക്ടുകൾ തെരഞ്ഞെടുത്തതിനും, പട്ടികജാതി വികസന മേഖലയിൽ ഗ്രാമസഭാ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിക്കാതെ പ്രൊജക്ടുകൾ രൂപീകരിച്ചതിനും കാരണം വിശദമാക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെടാത്ത കുടിവെള്ള പദ്ധതികൾക്ക് ഭൂരിഭാഗം എസ്.സി.പി ഫണ്ട് വകയിരുത്താനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനുമാവശ്യപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/18-19/ 03.12.19) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-25 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ബ്ലോക്ക് പഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| പ്രോജക്ട് നം. | 19/19 |
| | |

| | |
|---|---|
| അടങ്കൽ തുക | 1,98,500/- രൂപ |
| ഫണ്ട് ഇനം | വികസനം ഫണ്ട് |
| ചെലവ് തുക | 1,98,500/- രൂപ |
| ബിൽ നം./ തീയതി | 15/19 / 21.02.2019 |

1.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർ സെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന- അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസ യോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ് (സ.ഉ.(സാധാ)3217/2015/ ത.സ്വ.ഭ.വ. തീയതി 29.10.2015 ഖ.- 2-3-2). എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിക്കേണ്ടതാണ്. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തീയതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ് (മേൽ ഉത്തരവ് ഖ. 2-4-1കാണുക). എന്നാൽ ഇത്തരത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി ഫണ്ടിൽ നിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ് (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക). എന്നാൽ വാഹന ചെലവുമായി ബന്ധപ്പട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ തുടർന്ന് വരുന്നത്. പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനമില്ലാത്തതിനാൽ വാഹനം ക്വട്ടേഷൻ ക്ഷണിച്ച് വാടകയ്ക്ക് എടുക്കുകയാണ് ചെയ്തിരിക്കുന്നത് (ക്വട്ടേഷൻ നോട്ടീസ് നം.120/13.3.2018). ദിവസ വാടകയ്ക്കാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. വാഹനം ഓടുന്ന കിലോമീറ്ററിന്റെ അടിസ്ഥാനത്തിലാണ് ക്വട്ടേഷൻ ക്ഷണിക്കേണ്ടത്.

3. ഉപകരണങ്ങൾ വാങ്ങൽ – നടപടിക്രമങ്ങൾ പാലിച്ചില്ല

പദ്ധതിയിൽ 74251/- രൂപ ചെലവഴിച്ച് രോഗികൾക്കാവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ ക്വട്ടേഷനിലൂടെയാണ് വാങ്ങിയിരിക്കുന്നത്. മൂന്ന് ക്വട്ടേഷനുകൾ

ലഭിച്ചതിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത സൂര്യ ലൈഫ് കെയർ, പുതിയറ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് ഇവ വാങ്ങിയിരിക്കുന്നത്. എന്നാൽ വാങ്ങലുമായി ബന്ധപ്പെട്ട് ജി.ഒ(പി) നം.259/2010/തസ്വഭവ/8.11.2010 പ്രകാരമുള്ള പ്രൊക്യൂവർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

4.മോണിട്ടറിംഗ്

പദ്ധതിയിലെ പ്രവർത്തനങ്ങൾ യഥാസമയം മോണിറ്ററിംഗ് നടത്തുന്നതിന് പി.എം.സി യുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വെച്ച് ഓരോ മാസത്തിലും അവലോകന യോഗങ്ങൾ നടത്തേണ്ടതാണ്. യോഗത്തിൽ ആരോഗ്യ മേഖലയിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും സന്നദ്ധ മേഖലയിൽ നിന്നും പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ ഇങ്ങനെയുള്ള യോഗങ്ങൾ ചേർന്നതായി കാണുന്നില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതായി കാണുന്നില്ല. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പദ്ധതി സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നതായി കാണുന്നില്ല. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 താലൂക്ക് ആശുപത്രി മാനേജിംഗ് കമ്മറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള താലൂക്ക് ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2007-08 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/18-19/3.12.19) മറുപടി നൽകിയില്ല. വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കുന്ന കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-27 ബ്ലോക്ക് പഞ്ചായത്തിലെ പി.എം.എ.വൈ(ഗ്രാമീൺ) പദ്ധതി നടത്തിപ്പ്

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 7 ഗ്രാമപഞ്ചായത്തിലെ 2010-11 വർഷത്തെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പട്ടികയിൽ ഉൾപ്പെട്ടതും അതാത് ഗ്രാമപഞ്ചായത്തുകളിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ പട്ടിക പരിശോധിച്ച് അർഹരാണെന്ന് കണ്ടെത്തിയതുമായ പട്ടികജാതി/പട്ടികവർഗ്ഗ/മൈനോറിറ്റി/ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ ഗുണഭോക്താക്കളിൽ നിന്നും 2016-17 സാമ്പത്തിക വർഷം 205 പേരും (പട്ടികജാതി-85, പട്ടികവർഗ്ഗം-1, മൈനോറിറ്റി-12, മറ്റുള്ളവർ-61 ) 2017-18 ൽ 31 പേരും (പട്ടികജാതി-4, പട്ടികവർഗ്ഗം-1, മൈനോറിറ്റി-58, മറ്റുള്ളവർ-14 ), 2019-20 ൽ 3 പേരും (പട്ടികജാതി-1, മൈനോറിറ്റി-2) അടക്കം 239 പേരാണ് കരാർ വെച്ച് വീടുപണി ആരംഭിച്ചത്.

പി.എം.എ.വൈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 1,20,000/-കേന്ദ്ര വിഹിതം ആയും ബാക്കി വരുന്ന തുക ത്രിതല പഞ്ചായത്ത് പദ്ധതി വിഹിതവും ആയാണ് അനുവദിച്ചിരിക്കുന്നത്. പദ്ധതി നിർവഹണത്തിനായി താഴെപ്പറയും പ്രകാരമാണ് ഫണ്ടുകൾ വിനിയോഗിച്ചിട്ടുള്ളത്.

| | |
|---|---|
| കേന്ദ്ര വിഹിതം | 2,70,72,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 75,30,780 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,72,61,000 |
| പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള അധിക ധനസഹായം | 52,64,000 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 4,00,000 |
| ആകെ ചെലവ് | 5,75,27,780 |

വീട് പണി ആരംഭിച്ച 239 പേരിൽ നാളിതുവരെയായി 207 പേർ വീടുപണി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 32 ഗുണഭോക്താക്കൾ വീട് പണിയുടെ വിവിധ ഘട്ടങ്ങളിലാണ് (അഡ്വാൻസ് – 3, ബെയ്സ്മെന്റ് – 14, ലിന്റൽ – 15). പണി പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.08.2019 – 14.08.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(80) തീയതി- 24.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2018-19 | 19,00,000 | കൊയ്ത്തു മെതിയന്ത്രം ബേലർ വാങ്ങൽ | 19,00,000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2018-19 | 1,10,000 | പി.എം.എ.വൈ | 1,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 10,00,000 | ഈന്തിലാട്ട് മുള്ളൻകുന്ന് കുടിവെള്ള പദ്ധതി | 10,00,000 | 10,00,000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,24,64,151 | പി.എം.എ.വൈ | 89,97,080 | 34,67,071 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജലസേചന വകുപ്പ് | കായണ്ണ ബസാർ ലക്ഷം വീട് റോഡ് | 181606000000013863 തീ-13.03.2019 | 10,00,000 | 0 | 10,00,000 |
| കേരള ജലസേചന വകുപ്പ് | കോടേരിച്ചാൽ ആനേരിമുക്ക് റോഡ് | 181606000000013862 തീ-13.03.2019 | 5,00,000 | 0 | 5,00,000 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ അക്ഷയോർജ്ജ ഉൽപാദനയൂണിറ്റ് | 1)U00000618506140 തീ-16.03.2019<br>2)11484 /23.03.2019<br>3)15306 /25.03.2019<br>4)7742 തീ-26.03.2019<br>5)16679 /27.03.2019<br>6)U000000720/ 27.08.2019 | 1)7,50,000<br>2)5,00,000<br>3)5,00,000<br>4)5,00,000<br>5)5,00,000<br>6)8,50,000 | 0 | 36,00,000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. (സാധാ) നം 1102/2010 ത.സ്വ ഭ വ തീയതി - 27.03.2010 | | 21,82,362 | 21,82,362 | 0 | 0 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷം ലഭിച്ച 2,851/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2000-01 | 27, 29 | 2,851 | ശ്രീ.കെ.പി.പര്യായിക്കുട്ടി, (മുൻ ബി.ഡി.ഒ) | രശീത് നം.11421 തീയതി-12.06.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 35 | 2002-03 | VII.I.II.I(I) | അയോൽപടി – എടക്കയിൽ റോഡ് | പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമായതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീരസംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | പരാമർശം ഒഴിവാക്കി |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

(ബി)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2000-01 | 27, 29 | ശ്രീ.കെ.പി പര്യായിക്കുട്ടി | LF.9969/Spl. Cellsc5/03 dt.12.04.04 | 2,851 | 11421 തീ-12.06.18 | | | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,45,81,991 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,22,68,069 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 96,29,520 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 60,50,000 | ശ്രീ.കൃഷ്ണരാജ്.എൻ.പി,<br>സെക്രട്ടറി<br>ശ്രീ.പി.എം.ഗംഗാധരൻ ,<br>സെക്രട്ടറി ഇൻ ചാർജ് |
| 1-16 | 2,47,500 | ശ്രീ.ശിവദാസ്. കെ,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 13,07,020 | ശ്രീ.അബ്ദുൾ സലീം.എം,<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| 1-19 | 4,50,000 | ശ്രീമതി.ദീപ.കെ,<br>സി.ഡി.പി.ഒ |
| 1-21 | 15,00,000 | ശ്രീമതി. പുഷ്പ. എ,<br>അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| | 95,54,520 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്<br>ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുൾ സലീം.എം, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | മൂരാറ്റമ്മൽ ഹൗസ്, കുന്ദമംഗലം പി.ഒ, കോഴിക്കോട് |
| ശ്രീ.ശിവദാസ്. കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വിരമിച്ചു | സുരഭി ഹൗസ്, തലയോലപ്പറമ്പ്.പി.ഒ കോട്ടയം 686805 |
| ശ്രീ.കൃഷ്ണരാജ്.എൻ.പി , സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ | സരസ് ഭവൻ, ആൽത്തറ സ്ട്രീറ്റ് വെള്ളല്ലൂർ പി.ഒ, തിരുവനന്തപുരം 695 601 |
| ശ്രീ.പി.എം.ഗംഗാധരൻ, സെക്രട്ടറി ഇൻ ചാർജ് | ജോയിന്റ് ബി.ഡി.ഒ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | പൂവലമീത്തൽ, ഊരള്ളൂർ പി.ഒ, കോഴിക്കോട്-673620 |
| ശ്രീമതി.ദീപ. കെ, സി.ഡി.പി.ഒ | സി.ഡി.പി.ഒ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | കേളോത്ത് ഹൗസ്, പനങ്ങാട്.പി.ഒ ബാലുശ്ശേരി – 673612 |
| ശ്രീമതി.പുഷ്പ. എ, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, വടകര സീഡ് ഫാം | അനശ്വര, മണിയൂർ പി.ഒ കോഴിക്കോട് 673 523 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്

# റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(3) തീ.05/04/2017 | 5 | 32, 34, 35, 36, 37 |
| 2000-01 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(4) തീ.05/04/2017 | 8 | 25, 27, 29, 33, 34, 38(b), 39, 40 |
| 2002-03 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(6) തീ.05/04/2017 | 4 | 8, 9, 13, 16 |
| 2003-04 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(7) തീ.05/04/2017 | 2 | 3-3, 3-5 |
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(8) തീ.05/04/2017 | 11 | 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(9) തീ.05/04/2017 | 12 | 1-1, 2-1, 3-1, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2007-08 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(10) തീ.05/04/2017 | 20 | 2-1, 3-1, 3-3, 3-5, 3-6, 3-7(2), 3-8(3), 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21, 3-22, 3-23 |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി7/ 1271/2012 തീ.05/09/2012 | 7 | 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8 |
| 2009-10, 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/ 60/2013 തീ.22/07/2013 | 11 | 2-1, 2-3, 2-5, 3-4, 3-6, 3-7(b,c,d), 3-8, 3-11, 3-12, 3-13, 3-17 |
| 2011-12, 2012-13 | കെ.എസ്.എ. കെ.കെ.ഡി.പി7/ 1003/2015 തീ.08/10/2015 | 6 | 2-1, 3-3(1), 3-5, 3-6, 3-7, 3-8, 3-9 |
| 2013-14, 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി7/ 262/2017 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-7(2), 3-8, 3-9, 3-10 |

| | | | |
|---|---|---|---|
| | തീ.19/05/2017 | | |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി.പി7/ 442/2017 തീ.31/01/2018 | 11 | 2-1, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-10, 3-12, 3-13, 3-15 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2175/2017 തീ.26/03/2018 | 15 | 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2059/2018 തീ.19/11/2018 | 14 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്**

# <u>അനുബന്ധം 1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ.കെ.കെ.ഡി.പി11/2003/2019 തീയതി:29.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്. 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-11 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.**